# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2551 — 12.03.2018 ൽ മറുപടിക്ക്

### ചാലക്കുടിയിലെ നിർമ്മാണ പ്രവൃത്തികൾ

| ചോദ്യം<br>ശ്രീ.ബി.ഡി. ദേവസ്സി | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) ദേശീയപാത 47 ൽ, ചാലക്കുടി മണ്ഡലത്തിലുൾപ്പെടുന്ന ഭാഗങ്ങളിൽ നാലുവരിപ്പാത നിർമ്മാണവുമായി ബന്ധപ്പെട്ട് പൂർത്തീകരിക്കേണ്ട പ്രവർത്തനങ്ങൾ ഇനിയും പൂർത്തീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ദേശീയപാത 47 ൽ ചാലക്കുടി മണ്ഡലത്തിലുൾപ്പെടുന്ന ഭാഗങ്ങളിൽ നാലുവരിപ്പാതാ നിർമ്മാണവുമായി ബന്ധപ്പെട്ട് എഗ്രിമെന്റ് പ്രകാരമുള്ള പ്രവൃത്തികളെല്ലാം തന്നെ പൂർത്തീകരിച്ചിട്ടുണ്ട്.ആയതിൽ കി.മീ. 294.100 (സുന്ദരിക്കവല, പോട്ട) മുതൽ 294.540 (പോട്ട ആശ്രമം ജംഗ്ഷൻ) വരെയുള്ള ഭാഗത്ത് ഇടതുവശത്ത് സർവ്വീസ് റോഡ് പൂർത്തീകരിക്കാനുണ്ട്. നിലവിലുള്ള റോഡിന് 3.75 മീറ്റർ മുതൽ 4 മീറ്റർ വരെയാണ് വീതി ഉള്ളത്. സർവ്വീസ് റോഡ് ചെയ്യേണ്ടതിലേയ്ക്ക് കുറഞ്ഞത് 5.50 മീറ്റർ വീതിയിൽ സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. |
| (ബി) ചാലക്കുടി മുനിസിപ്പൽ ജംഗ്ഷനിലെ ഗതാഗതക്കുരുക്കും, അപകടങ്ങളും കുറയ്ക്കുന്നതിന് ചാലക്കുടി കോടതി ജംഗ്ഷനിൽ ഡിവൈൻ മോഡൽ അടിപ്പാത നിർമ്മിക്കുന്നതിനും, പേരാമ്പ്രയിൽ സബ്ബ് വേ, വിവിധ ജംഗ്ഷനുകളിൽ ഡ്രൈനേജ് നിർമ്മാണം, കൊരട്ടിയിൽ ഓവർബ്രിഡ്ജ്, ബസ്സ്ബേകൾ, ബസ്സ്ഷെൽട്ടറുകൾ, സ്ട്രീറ്റ് ലൈറ്റുകൾ എന്നിവ നിർമ്മിക്കുന്നതിനും | (ബി) ചാലക്കുടി കോടതി ജംഗ്ഷനിൽ ഡിവൈൻ മോഡൽ അടിപ്പാതയ്ക്കായി പുതുക്കിയ റേറ്റിലുള്ള എസ്റ്റിമേറ്റ് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്.ആയതിന് മറുപടി ലഭിച്ചിട്ടില്ല. നിലവിലുള്ള എഗ്രിമെന്റ് പ്രകാരം പേരാമ്പ്രയിൽ സബ്ബ് വേ നിർമ്മിക്കുന്നതിനായുള്ള നിബന്ധന ഉൾപ്പെടുത്തിയിരുന്നില്ല. പ്രസ്തുത ജംഗ്ഷനിൽ ഫുട് ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിനായുള്ള എസ്റ്റിമേറ്റ് |

| | | |
|---|---|---|
| ആവശ്യമായ സ്വീകരിക്കുമോ? | നടപടികൾ | കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിൽ സമർപ്പിക്കുന്നതിനായി ഡിസൈൻ വർക്ക് നടന്നു കൊണ്ടിരിക്കുന്നു. ഡ്രെയിനേജ് വൃത്തിയാക്കുന്നത് കരാറുകാരന്റെ മെയിന്റനൻസ് വ്യവസ്ഥയിൽ ഉൾപ്പെടുത്തിയുണ്ട്. കൊരട്ടി ജംഗ്ഷനിൽ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിനായുള്ള എസ്റ്റിമേറ്റ് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിൽ സമർപ്പിക്കുന്നതിനായി തയ്യാറാക്കി വരുന്നു. ബസ് ബേകൾ, ബസ്സ് ഷെൽട്ടറുകൾ, സ്ട്രീറ്റ് ലൈറ്റുകൾ എന്നിവ കരാർ പ്രകാരം സൂചിപ്പിച്ചിട്ടുള്ള എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. |

S. Bindu

സെക്ഷൻ ഓഫീസർ